**നോർക്ക റൂട്ട്സ്**
**നോർക്ക സെന്റർ**
**തൈക്കാട്, തിരുവനന്തപുരം-695014**
**ഫോൺ:0471-2770500,ഫാക്സ്.0471-2326263**
**വെബ്സൈറ്റ്. www.norkaroots.org.**
ഇമെയിൽ. mail@norkaroots.org

13.06.2019

# വാർത്താക്കുറിപ്പ്

## ഇ.സി.ആർ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ഇ-മൈഗ്രേറ്റ് വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന മാത്രം- നോർക്ക റൂട്ട്സ്

എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള (ഇ.സി.ആർ) പാസ്പോർട്ട് ഉടമകളായ തൊഴിലന്വേഷകർ അനധികൃത ഏജന്റുകളാൽ കബളിപ്പിക്കപ്പെടാതിരിക്കുവാനും തുടർ ദുരിതങ്ങൾ ഒഴിവാക്കുവാനും വിദേശകാര്യവകുപ്പിന്റെ ഇ-മൈഗ്രേറ്റിൽ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റിക്രൂട്ടിംഗ് എജൻസികൾ മുഖേന മാത്രമേ വിദേശകുടിയേറ്റം നടത്താവുയെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അനധികൃത റിക്രൂട്ടിംഗ് ഏജന്റുകൾ നൽകുന്ന സന്ദർശക വിസപ്രകാരമുള്ള കുടിയേറ്റം നിർബന്ധമായും ഒഴിവാക്കണമെന്നും ഇക്കാര്യത്തിൽ ജാഗ്രത പാലിക്കണമെന്നും നോർക്ക റൂട്ട്സ് അറിയിച്ചു.

അനധികൃത വിദേശ റിക്രൂട്ട്മെന്റ്കളെക്കുറിച്ച് വേണ്ടത്ര മുന്നറിയിപ്പുകൾ നോർക്ക റൂട്ട്സ് പലതവണ നൽകിയെങ്കിലും തൊഴിലന്വേഷകർ അനധികൃത ഏജന്റുകളാൽ കബളിപ്പിക്കപ്പെടുന്നു. ഇത്തരത്തിൽ കബളിക്കപ്പെടുന്ന പലരും (ഇ.സി.ആർ) പാസ്പോർട്ട് ഉടമകളാണ്. അഫ്ഗാനിസ്ഥാൻ, ബഹറിൻ, ഇന്തോഷ്യ, ഇറാക്ക്, ജോർദ്ദാൻ, കുവൈറ്റ്, ലെബനോൻ, ലിബിയ, മലേഷ്യ, ഒമാൻ, ഖത്തർ, സൗത്ത് സുഡാൻ , സുഡാൻ, സൗദിഅറേബ്യ, യു.എ.ഇ, സിറിയ, തായ്ലാന്റ്, യെമൻ തുടങ്ങിയ 18 ഇ.സി.ആർ (Emigration Check Required) രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ഇ.സി.ആർ പാസ്പോർട്ട് ഉടമകൾക്ക് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഇ-മൈഗ്രേറ്റ് വെബ്സൈറ്റ് മുഖാന്തരം തൊഴിൽ കരാർ നിർബന്ധമായിരിക്കെ, സന്ദർശക വിസ നൽകിയാണ് അനധികൃത ഏജന്റുകൾ ഇവരെ കബളിപ്പിക്കുന്നത്.

വിദേശതൊഴിലുടമ ഇവരുടെ സന്ദർശക വിസ തൊഴിൽ വിസയാക്കി നൽകുമെങ്കിലും, തൊഴിൽ കരാർ ഇമൈഗ്രേറ്റ് സംവിധാനം വഴി തയ്യാറാക്കുന്നില്ല. ഇക്കാരണത്താൽ തൊഴിലുടമ ഇവരെ അനധികൃത കുടിയേറ്റക്കാരായി കണക്കാക്കുകയും പലർക്കും വേതനം, താമസം, മറ്റ് അർഹമായ ആനുകൂല്യങ്ങൾ എന്നിവ നിഷേധിക്കപ്പെടുകയും ചെയ്യുന്നു. വേതനം, താമസം, മറ്റ് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാതെ നിരവധി പേർ തൊഴിലിടങ്ങളിൽ വൃത്തിഹീനമായ സാഹചര്യത്തിൽ ജോലിചെയ്യണ്ടി വരുന്നു. ഇ.സി.ആർ വിഭാഗത്തിലുള്ള പാസ്പോർട്ട് കൈവശം വയ്ക്കുന്നവർ ഇക്കാര്യത്തിൽ ജാഗരൂകരായിക്കണമെന്ന് നോർക്ക റൂട്ട്സ് അറിയിച്ചു.

വിദേശ രാജ്യങ്ങളിൽ കഷ്ടപ്പെടുന്ന പലരെയും ഇതിനകം ഇൻഡ്യൻ എംബസിയുടെയും, നോർക്ക-റൂട്ട്സിന്റെയും സമയോചിതമായ ഇടപെടലിലൂടെ നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**<u>വിദേശ തൊഴിൽ കാംക്ഷികൾക്കായുള്ള സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ:ജൂൺ 21 ന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഹാളിൽ</u>**

കേരളത്തിൽ നിന്നും വിദേശ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്കായുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ എച്ച്.ആർ.ഡി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ സേവനം പത്തനംതിട്ട കളക്ട്രേറ്റിന് സമീപമുള്ള ജില്ലാ പഞ്ചായത്ത് ഹാളിൽ ജൂൺ 21 ന് നടത്തുമെന്ന് നോർക്ക റൂട്ട്സ് തിരുവനന്തപുരം സെന്റർ മാനേജർ അറിയിച്ചു.

ഇതിന് പുറമേ എം.ഇ.എ അറ്റസ്റ്റേഷൻ, അപ്പോസ്റ്റൈൽ (ഹേഗ് കൺവെൻഷൻ ട്രീറ്റിയുടെ ഭാഗമായി 114 രാജ്യങ്ങളിലേക്കുള്ള അറ്റസ്റ്റേഷൻ), യുഎ.ഇ, കുവൈറ്റ്, ഖത്തർ എന്നീ എംബസ്സികളിലേയ്ക്കുള്ള അറ്റസ്റ്റേഷനുകൾക്കായി അന്നേ ദിവസം സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്. ഇതിന് പുറമേ കുവൈറ്റ് വിസാ സ്റ്റാംപിങ്ങിനുള്ള രേഖകളും സ്വീകരിക്കും. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനും മറ്റു സേവനങ്ങൾക്കുമായി www.norkaroots.org എന്ന വെബ് സൈറ്റിൽ പേര് മുൻകൂർ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾ 0471-2770557 എന്ന നമ്പറിൽ ബന്ധപ്പെടണം.

**<u>സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ഉണ്ടായിരിക്കുന്നതല്ല.</u>**

2019 ജൂൺ 21 ന് പത്തനംതിട്ട കളക്ട്രേറ്റിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ സേവനമുള്ളതിനാൽ പ്രസ്തുത ദിവസം തിരുവനന്തപുരം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ഉണ്ടായിരിക്കുന്നതല്ലെന്ന് നോർക്ക റൂട്ട്സ് തിരുവനന്തപുരം സെന്റർ മാനേജർ അറിയിച്ചു.